(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലാ പഞ്ചായത്തുകളിലെന്നും വാക്കൗട്ട് നടത്തിയ ജില്ലാ പഞ്ചായത്തു പ്രസിഡന്റുമാർ ആരായിരുന്നു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

പട്ടാമ്പി നിയോജകമണ്ഡലത്തിലെ വിളയൂർ, മുതുതല ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം

102 (1571) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലെ വിളയൂർ, മുതുതല ഗ്രാമപഞ്ചായത്തുകളിൽ 2002-03 സാമ്പത്തിക വർഷത്തിൽ, പദ്ധതി വിഹിതമായി ലഭിച്ച തുകയുടെ ഗണ്യമായ ഭാഗം ചെലവഴിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പഞ്ചായത്തുകളുടെ പ്രവർത്തനത്തെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള വ്യാപകമായ പരാതി കണക്കിലെടുത്ത് ആവശ്യമായ പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ മാറ്റം

103 (1572) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവു വരുത്തിക്കൊണ്ട് എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ)&(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്ന് ഇളവ് അനുവദിക്കാൻ ഇപ്പോൾ സർക്കാരിന് അധികാരമില്ല. 24-3-1999-ന് മുമ്പ് സമർപ്പിച്ച അപേക്ഷകളും റിവ്യൂ ഹർജികളും തീർപ്പാക്കാതെയുണ്ടെങ്കിൽ അവ തീർപ്പാക്കാൻ മാത്രമാണ് ഇപ്പോൾ സർക്കാരിനുള്ള അധികാരം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർമ്മിച്ച് നൽകിയിട്ടുള്ള വീടുകളുടെ എണ്ണം

104 (1573) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ സ്കീമുകളിലൂടെ സംസ്ഥാനത്ത് എത്ര ഭവനങ്ങൾ നിർമ്മിച്ചു നൽകിയെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly